പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1701 13.7.2011-ൽ മറുപടിക്ക്

## അശ്രദ്ധമായ ക്വാറിപ്രവർത്തനംമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പാറ ക്വാറി ഉടമകൾ അശ്രദ്ധമായി ക്വാറി പ്രവർത്തനം നടത്തുന്നത് കാരണം സമീപവാസികളായ ജനങ്ങളുടെ ജീവനും വീടുകൾക്കും ഭീഷണി ഉയർത്തുന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) ക്വാറിപ്രവർത്തനം മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ടെക്നിക്കൽകമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി സുരക്ഷിതമായ ക്വാറിപ്രവർത്തനം നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങളെ സംബന്ധിച്ച് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ടി ശുപാർശകൾ വിശദമായി പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ